I/95403/2024

**കേരളസർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

**<u>പത്രക്കുറിപ്പ്</u>**

**<u>കേരള എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള</u>**
**<u>കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ (കീം-2024) ജൂൺ 5 മുതൽ 10 വരെ</u>**

2024-25 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത (CBT) പ്രവേശന പരീക്ഷയായ കീം 2024, ജൂൺ 5 മുതൽ 10 വരെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 130 പരീക്ഷാ കേന്ദ്രങ്ങളിലും, ദുബായ്, ഡൽഹി, മുംബൈ ഉൾപ്പെടെ ആകെ 133 പരീക്ഷാ കേന്ദ്രങ്ങളിലായി നടക്കുന്നു. എഞ്ചിനീയറിംഗ് പരീക്ഷ ഉച്ചയ്ക്ക് 2.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെയാണ് നടക്കുന്നത്. ഫാർമസി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് മാത്രം അപേക്ഷിച്ച വിദ്യാർത്ഥികൾ 10.06.2024 ന് ഉച്ചയ്ക്ക് 3.30 മുതൽ വൈകുന്നേരം 5.00 മണി വരെ നടക്കുന്ന പരീക്ഷയ്ക്കാണ് എത്തേണ്ടത്. വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡ് കൂടാതെ ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, പാൻ കാർഡ്, ഇലക്ഷൻ ഐ.ഡി., ആധാർ കാർഡ്, ഫോട്ടോ പതിച്ച ഹാൾടിക്കറ്റ്, വിദ്യാർത്ഥി പ്ലസ് ടു പഠനം പൂർത്തിയാക്കിയ സ്ഥാപന മേധാവി നൽകുന്ന വിദ്യാർത്ഥിയുടെ ഫോട്ടോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഒരു ഗസറ്റഡ് ഓഫീസർ നൽകുന്ന ഫോട്ടോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ കരുതേണ്ടതാണ്. **പുതുക്കിയ സമയക്രമം രേഖപ്പെടുത്തിയ അഡ്മിറ്റ് കാർഡ് തന്നെ പരീക്ഷാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്ത് പരീക്ഷാ കേന്ദ്രത്തിൽ ഹാജരാക്കേണ്ടതതാണ്.**

**സമയക്രമം ചുവടെ ചേർക്കുന്നു**

| Dates | Examination | Reporting Time of Candidates | Examination Time |
|---|---|---|---|

I/95403/2024

| | | | |
|---|---|---|---|
| 05-06-2024 to 09-06-2024 | Engineering/Pharmacy | 11.30am to 1.30pm | 2.00pm to 5.00pm |
| 10-06-2024 | Pharmacy Only | 1.00pm to 3.00pm | 3.30pm to 5.00pm |

കേരളത്തിലെ സർക്കാർ/കോസ്റ്റ് ഷെയറിംഗ്/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ഫാർമസി കോളേജുകളിലേയ്ക്കുള്ള പ്രവേശനം, കീം 2024 പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കിയാണ് നടത്തുന്നത്.

സർക്കാർ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളെയും സ്വകാര്യ ലാബുകളെയുമാണ് പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നത്. ജില്ലകളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് പരീക്ഷ നടക്കുന്നത്. പോലീസ്, ഫയർ ഫോഴ്സ്, വൈദ്യുതി, KSRTC, ആരോഗ്യം തുടങ്ങിയ എല്ലാ വകുപ്പുകളുടേയും സഹായം പ്രവേശന പരീക്ഷ നടത്തുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. പരീക്ഷ സുഗമമായി നടത്തുന്നതിനായി എല്ലാ ജില്ലകളിലേയും ജില്ലാ കളക്ടർമാർ വിവിധ വകുപ്പുകളുടെ യോഗം വിളിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കീം 2024 CBT പരീക്ഷയോടനുബന്ധിച്ച് സംശയ നിവാരണത്തിനും അന്വേഷണങ്ങൾക്കുമായി പ്രവേശന കമ്മീഷണറുടെ കാര്യാലയത്തിൽ കൺട്രോൾ റൂം ആരംഭിച്ചു. ചുവടെ നൽകിയിരിക്കുന്ന ടെലഫോൺ നമ്പരുകളിൽ അന്വേഷണത്തിനായി ബന്ധപ്പെടാവുന്നതാണ്.

0471- 2332120

0471- 233848

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K Ias
Date: 02-06-2024 13:51:36

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
02-06-2024